# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2772** **06.11.2019 ലെ മറുപടി**

**പമ്പ ആക്ഷൻ പ്ലാൻ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.സി.ജോർജ്** | **കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| എ) പമ്പ ആക്ഷൻ പ്ലാനിന്റെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത ആകെ 12 പ്രവൃത്തികളിൽ ജലസേചന വകുപ്പിന്റേയും കേരള വാട്ടർ അതോറിറ്റിയുടേയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ യഥാസമയം വനം വകുപ്പിൽനിന്നും ഭൂമി ലഭ്യമല്ലാത്തതുകൊണ്ടും ആവശ്യമായ ടെക്നോളജി ലഭ്യമല്ലാത്തതിനാലും യഥാസമയം പൂർത്തീകരിക്കുവാൻ സാധിച്ചില്ല. ടി പദ്ധതികൾക്കായി നാളിതുവരെ കേന്ദ്രവിഹിതമായി 7.75 കോടി രൂപ ലഭിച്ചിട്ടുണ്ട്. 31.05.2018 വരെയുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 7.928 കോടി രൂപയ്ക്ക് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സമഗ്രനദീതട പഠനത്തിനുശേഷം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടിയെടുത്തു വരുന്നു. |
| ബി) ഇത് സംബന്ധിച്ച് ജലസേചന വകുപ്പ് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറിതലത്തിലും മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് ഡയറക്ടറും (ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2), ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി യും യോഗങ്ങൾ നടത്തിയിട്ടുണ്ട്. |
| സി) ഏതൊക്കെ സ്ഥലങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) പമ്പാ നദീതീരത്തുള്ള 2 മുനിസിപ്പാലിറ്റികൾക്കും 67 പഞ്ചായത്തുകൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**